**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 78** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ എണ്ണം ലഭ്യമാക്കാമോ; | (എ) | ഇത് സംബന്ധിച്ച വിവരശേഖരണം നടന്നുവരികയാണ്. ഇത് വരെ കണക്കാക്കിയ പ്രകാരം 145 വീടുകൾക്ക് പൂർണ്ണമായും 170 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിക്കുകയും 183 വീടുകൾ ഉരുൾപൊട്ടലിൽ ഒലിച്ചു പോകുകയും ചെയ്തിട്ടുണ്ട്. 240 വീടുകൾ വാസയോഗ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | വയനാട് ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മികച്ച സൗകര്യങ്ങളോടുകൂടിയതും ഉപജീവനം ഉറപ്പാക്കാൻ കഴിയുന്നതുമായ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ എത്ര പേരെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞു; എത്ര പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും കഴിയുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (സി) | ദുരന്തബാധിതരായ എല്ലാവരെയും സർക്കാർ താൽക്കാലികമായി പുനരധിവസിപ്പിച്ചിട്ടുണ്ട്. നിലവിൽ വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ